"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻ.എസ്.എ.പി - ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഗുണഭോക്താക്കൾക്ക് പി.എഫ്.എം.എസ്. മുഖേന പെൻഷൻ വിതരണം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.887/2024/LSGD തീയതി,തിരുവനന്തപുരം, 23-05-2024

---

പരാമർശം:-
1. 14.05.2023 ലെ സ.ഉ (എം.എസ്) 172/2013/തസ്വഭവ നമ്പർ ഉത്തരവ്.
2. ഡയറക്ടർ (റൂറൽ) ന്റെ 21.03.2024 ലെ LSGD/PD/58377/2023-SSP1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം അൻപതിനായിരം രൂപ വരെ വാർഷിക വരുമാനമുള്ളവരെ ബി.പി.എൽ. ആയി കണക്കാക്കി ആനുകൂല്യങ്ങൾ നൽകുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ എൻ.എസ്.എ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 6,88,329 ഗുണഭോക്താക്കൾക്കാണ് കേന്ദ്രസർക്കാർ ധനസഹായം ലഭ്യമാകുകയെന്നും, ഇപ്രകാരം ധനസഹായം ലഭ്യമാകുന്നതിന് എൻ.എസ്.എ.പി. ഗുണഭോക്താക്കളുടെ വിവരങ്ങൾ പി.എഫ്.എം.എസ് -മായി സംയോജിപ്പിക്കേണ്ടതുണ്ടായിരുന്നുവെന്നും, ഈ സാഹചര്യത്തിൽ നിലവിൽ എൻ.എസ്.എ.പി. പദ്ധതി പ്രകാരം പെൻഷൻ വാങ്ങിവരുന്നവരിൽ നിന്നും ബാങ്ക് അക്കൗണ്ട് ഉള്ളതും മറ്റ് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ഗുണഭോക്താക്കളെ കേന്ദ്ര ധനസഹായം ലഭ്യമാകുന്നതിന് പി.എഫ്.എം.എസ് -മായി സംയോജിപ്പിക്കുന്നതിന് തെരഞ്ഞെടുത്തപ്പോൾ ഒരു ലക്ഷം രൂപ വരെ വരുമാനമുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയപ്പോഴാണ് നിശ്ചിത കേന്ദ്ര സർക്കാർ പരിധിയായ 6,88,329 എണ്ണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളതെന്നും, പ്രസ്തുത നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം ഡയറക്ടർ (റൂറൽ) അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ബാങ്ക് അക്കൗണ്ട് ഉള്ളതും ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എൻ.എസ്.എ.പി. മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 6,88,329

ഗുണഭോക്താക്കളിൽ PFMS ID ലഭിച്ച ഗുണഭോക്താക്കൾക്ക് പി.എഫ്.എം.എസ് മുഖേന എൻ.എസ്.എ.പി. വിഹിതം വിതരണം ചെയ്തുവരുന്ന നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ(എസ്.എഫ്.സി-ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 23-05-2024 12:47:44